# ഗവ. എൽ. പി. സ്കൂൾ

## മീനങ്ങാടി




# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-2026**

ഫോൺ: 04936 248 590 Email: glpsmeenangadi@gmail.com

# ഗവ. എൽ. പി. സ്കൂൾ, മീനങ്ങാടി

## 2025-2026



# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
- സമഗ്ര ഗുണമേന്മ പദ്ധതി
- പദ്ധതിരൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ
- നേട്ടങ്ങൾ പരിമിതികൾ
- നിലവിലെ അവസ്ഥ വിശകലനം
- സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിംഗ്
- ഉപസംഹാരം
- അനുബന്ധം

## 1. ആമുഖം

**ഹ**രിതാഭമായ വയനാട്ജില്ലയിൽ സുൽത്താൻബത്തേരി താലൂക്കിൽ ഐതീഹ്യങ്ങളുറങ്ങുന്ന മീനങ്ങാടി ഗ്രാമപഞ്ചായത്ത്, മീനങ്ങാടി എന്ന സ്ഥലനാമത്തിന്റെ ഉൽപ്പത്തി ഐതീഹ്യവും ചരിത്രവും ഇഴചേർന്നതാണ്. മത്സ്യാവതാര പ്രതിഷ്ഠയുള്ള രാജ്യത്തെതന്നെ ക്ഷേത്രങ്ങളിലൊന്നിന്റെ സാന്നിദ്ധ്യമാണ് ഈ നാമലബ്ധിയ്ക്ക് നിദാനം. മീൻ പ്രതിഷ്ഠയുള്ള ക്ഷേത്രമുള്ളതിനാൽ ദേശത്തെ മീൻ അങ്കിടി എന്നും പ്രദേശവാസികളെ മീനവർ എന്നും വിളിച്ചിരുന്നു. മീൻഅങ്കിടി ക്രമേണ മീനങ്ങാടി യായി മാറി.

മീനങ്ങാടിയുടെ ഹൃദയഭാഗത്ത് കുടിപ്പള്ളിക്കൂടങ്ങളുടെ തുടർച്ചയെന്നോണം 1920–ൽ മീനങ്ങാടി ഗവ.എൽ.പി സ്കൂൾ ആരംഭിച്ചു. 1961–ൽ അന്നത്തെ അംശം അധികാരി കരുണാകരൻനായർ അപ്പാടേയ്ക്കുള്ള റോഡിനരികെ സൗജന്യമായി നൽകിയ ഒരേക്കർ ഭൂമിയിൽ സ്വന്തമായി കെട്ടിടം നിർമിച്ചു. ഈ സ്ഥലത്താണ് ഇപ്പോഴും ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്.

വയനാട് ജില്ലയിലെ തന്നെ മികച്ച വിദ്യാലയങ്ങളിലൊന്നായ ഈ വിദ്യാലയം സുൽത്താൻ ബത്തേരി ബി.ആർ.സിയ്ക്ക് കീഴിൽ ജി.എൽ.പി.എസ് മീനങ്ങാടി (15316)എന്ന പേരിൽ പ്രവർത്തിച്ചു വരുന്നു.

## 2. ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക,
- അക്കാദമിക മികവിന് ഉപകരിയ്ക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ ഭൗതികവും അക്കാദമീകവുമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക,
- പ്രീ– പ്രൈമറി മുതൽ നാലാം ക്ലാസ്സുവരെയുള്ള പാഠ്യപദ്ധതിയ്ക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുള്ള പ്രവർത്തന കലണ്ടറും രൂപപ്പെടുത്തുക,
- അദ്ധ്യാപനവും അദ്ധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക,
- വിദ്യാലയത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക,

## 3. വിദ്യാലയത്തിന്റെ ചരിത്രം

കുടിപ്പള്ളിക്കൂടങ്ങളുടെ തുടർച്ചയെന്നോണം 1920–ലാണ് ഒരു പ്രാഥമിക വിദ്യാലയം മീനങ്ങാടിയിലാരംഭിക്കുന്നത്. ഇന്നത്തെ ഹൈസ്കൂൾ ജംങ്ഷന് സമീപം പൊതുനിരത്തിന് അഭിമുഖമായി അധികാരിയുടെ ഉടമസ്ഥതയിലുണ്ടായി രുന്ന കെട്ടിടത്തിനു മുകളിലായിരുന്നു ആദ്യ വിദ്യാലയം. പുറക്കാടി ഹിന്ദുബോയ്സ് സ്കൂൾ എന്ന പേരിലാണ് ഇതറിയപ്പെട്ടിരുന്നത്. ഒന്നു മുതൽ അഞ്ചുവരെ ക്ലാസു കളിലായി അമ്പതിൽ താഴെ വിദ്യാർത്ഥികൾ ഇവിടെ പഠിച്ചിരുന്നു.

സാമൂഹികമായി ഉയർന്ന വിഭാഗക്കാരുടെ കുട്ടികൾ മാത്രമേ അക്കാലത്ത് സ്കൂളിൽ പോയിരുന്നുള്ളു. ക്രമേണ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവന്ന തോടെ ക്ലാസ്സ് മുറികൾ മതിയാകാതെ വന്നു. അങ്ങനെ ഇന്നത്തെ വില്ലേജ് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്തിനുസമീപം കാര്യമ്പാടിയിലേക്കുള്ള വഴിയരികിൽ ഓല മേഞ്ഞ ഒരു ഷെഡ്ഡു നിർമ്മിച്ചു. സ്കൂൾ അങ്ങോട്ടേയ്ക്ക് മാറ്റി. കെ. കരുണാകരൻ മാസ്റ്റർ ആയിരുന്നു ആദ്യ പ്രധാനാദ്ധ്യാപകൻ. മറ്റു പ്രധാനാദ്ധ്യാപകരായ ഭാസ്ക്കരൻ മാസ്റ്റർ, കൗസല്യ ടീച്ചർ തുടങ്ങിയവരുടെ നേതൃത്വത്തിൽ സ്കൂൾ, വികസനത്തിന്റെ പാതയിൽ മുന്നേറുവാൻ തുടങ്ങി.

1956–ൽ ഡിസ്ട്രിക്റ്റ് ബോർഡ് എലമെന്ററി സ്കൂൾ എന്നു പേരുമാറ്റിയ ഈ വിദ്യാലയത്തിൽ ആദ്യാക്ഷരം കുറിച്ചവരാണ് ഇന്നത്തെ പ്രദേശവാസികളിൽ ഭൂരി ഭാഗവും.

1961–ൽ അന്നത്തെ അംശം അധികാരി കരുണാകരൻ നായർ, ടൗണിൽനിന്നും അല്പം മാറി അപ്പാടിലേക്കുള്ള റോഡിനരികെ സ്കൂളിന് സൗജന്യമായി നൽകിയ ഒരേക്കർ ഭൂമിയിൽ സ്വന്തമായി കെട്ടിടം നിർമ്മിച്ചു. ഈ സ്ഥലത്താണ് ഇപ്പോഴും എൽ. പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്.

## 4. വിദ്യാലയം മികവിന്റെ കേന്ദ്രം– കാഴ്ചപ്പാട്

- ശിശുകേന്ദ്രീകൃതമായ രീതിയിൽ വിദ്യാർത്ഥികളേയും വിദ്യാലയത്തേയും മികവുറ്റതാക്കുക.
- പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങളിൽ മികവുറ്റ വിദ്യാലയാന്തരീക്ഷം സൃഷ്ടി ക്കുക.
- പിന്നാക്ക വിഭാഗത്തിൽപ്പെടുന്നവർക്കായി പ്രത്യേക പരിഗണനയും പങ്കാളി ത്തവും നടപ്പാക്കുക.
- പ്രകൃതിയോടും വരുംതലമുറയോടുമുള്ള കരുതലിനായി നമ്മുടെ പരിസ്ഥി തിയെ കാത്തുസൂക്ഷിക്കാൻ പ്രാപ്തരാക്കുക.

## 5 പദ്ധതിരൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

എസ്.ആർ.ജി. യോഗത്തിൽ സമഗ്രവിദ്യാലയ വികസന പദ്ധതി- ചർച്ച

വികസന കാര്യങ്ങൾ അക്കാദമികം, ഭൗതികം, സാമൂഹികം എന്നിങ്ങനെ മൂന്നുഗ്രൂപ്പുകളായി തിരിഞ്ഞ് കരട് രൂപരേഖ തയ്യാറാക്കൽ.

കരട് രൂപരേഖ SRG, SMC, PTA, MPTA, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ

പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## 6 സമഗ്ര ഗുണമേന്മ പദ്ധതി വിദ്യാലയ സമിതി രൂപീകരണം

7/ 5 /2025 നു ഗവൺമെന്റ് എൽ പി സ്കൂൾ മീനങ്ങാടി സമഗ്ര ഗുണമേന്മ പദ്ധതി സ്കൂൾതല സമിതി രൂപീകരിച്ചു. ശ്രീ ഗീവർഗീസ് അണിമംഗലത്തിന്റെ അധ്യക്ഷതയിൽ ഹെഡ്മാസ്റ്റർ ശ്രീ ബിനോ പോളിന്റെ സ്വാഗതത്തോടുകൂടി തുടങ്ങിയ യോഗം വാർഡ് മെമ്പർ ടി പി ഷിജു ഉദ്ഘാടനം ചെയ്തു.

- ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട പഠന ലക്ഷ്യങ്ങൾ പട്ടികപ്പെടുത്തി സാധാരണക്കാർക്ക് മനസ്സിലാകും വിധം പ്രദർശിപ്പിക്കുന്നതിന് തീരുമാനിച്ചു.
- അധ്യയന വർഷം ആരംഭത്തിൽ തന്നെ കുട്ടികളെ പ്രീടെസ്റ്റിന് വിധേയരാക്കുകയും ഓരോ കുട്ടികളുടെയും മികവുകളും പോരായ്മകളും കണ്ടെത്തുകയും ചെയ്യുന്നു.
- പ്രീ ടെസ്റ്റ് നടത്തിയപ്പോൾ ഓരോ കുട്ടിയും നേരിട്ട പ്രശ്നങ്ങളെ രക്ഷിതാക്കളെ വിളിച്ച് ബോധ്യപ്പെടുത്തുന്നു. അവർക്കു വേണ്ട പിന്തുണ സംവിധാനങ്ങൾ നൽകുന്നു.
- പിന്നോക്കത്തിലുള്ള കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തി അതിനു വേണ്ട പരിഹാര പ്രവർത്തനങ്ങൾ നടത്തി കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു.
- ഓരോ ക്ലാസ് അധ്യാപകനും അവരുടെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ച് കുട്ടികളെ മനസ്സിലാക്കുകയും തുടർന്ന് ഓരോ കുട്ടിയുടെയും സമഗ്ര പ്രൊഫൈൽ തയ്യാറാക്കുകയും ചെയ്യുന്നു.
- കുട്ടികളുടെ ഹാജർ നില മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഉന്നതികൾ സന്ദർശിക്കുകയും കുട്ടികൾക്ക് വേണ്ട പിന്തുണ സംവിധാനങ്ങൾ ഉറപ്പാക്കുന്നു.
- പൊതുസമൂഹവുമായുള്ള ബന്ധം ദൃഢപ്പെടുത്തുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ വൈകാരിക മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും ഓരോ മേഖലയിലെയും കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് പരിമിതികൾക്ക് പരിഹാരമായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നു.
- സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങൾ പ്രചാരണം നടത്തുന്നതിനായി സ്കൂൾ വിക്കിയിലും സ്കൂൾ ബ്ലോഗിലും ചേർക്കുന്നു.
- അക്കാദമിക പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റിങ്ങിന്റെ ഭാഗമായി കുട്ടികൾ ആർജ്ജിച്ചെടുത്ത പഠനം നേട്ടങ്ങൾ പഠനോത്സവത്തിൽ അവതരിപ്പിക്കുന്നു.

## 5 മികവുകൾ

- 202425 അധ്യയനവർഷത്തിൽ 5 LSS ലഭിച്ചു.
- നിരന്തര ഇടപെടലുകളിലൂടെ കുട്ടികളുടെ ഹാജർ ഉറപ്പാക്കി.
- സുൽത്താൻബത്തേരി ഉപജില്ലാ കലാമേളയിൽ അഞ്ചാം സ്ഥാനം (ഗവൺമെന്റ് സ്കൂളുകളിൽ ഒന്നാമത്) ലഭിച്ചു.
- ഉപജില്ല അറബിക് കലാമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് ലഭിച്ചു.
- സുൽത്താൻബത്തേരി ഉപജില്ല ശാസ്ത്രമേളയിൽ മികച്ച വിജയം കൈവരിച്ചു.
- കഴിഞ്ഞ അധ്യയന വർഷത്തേക്കാളും കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് വിദ്യാലയത്തിന്റെ യശസ്സുയർത്തുന്നു.
- കുട്ടികൾക്ക് യാത്ര സൗകര്യം ഒരുക്കുന്നതിനായി പിടിഎ പുതിയ സ്കൂൾ ബസ് ആരംഭിച്ചു. നിലവിൽ രണ്ട് സ്കൂൾ ബസ്സും ഒരു വാനും സ്കൂളിന് സ്വന്തമായി ഉണ്ട്.
- വിദ്യാലയത്തിന്റെ എല്ലാ പ്രവർത്തനത്തിലുമുള്ള പീടികയുടെ സഹകരണം ശ്ലാഘനീയമാണ്. മികച്ച PTA ക്കുള്ള അവാർഡ്ജില്ലാതലത്തിലും ഉപജില്ലാതലത്തിലും ലഭിച്ചു.
- സ്കൂൾ ശുചിത്വം നിലനിർത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കു കയും സമ്പൂർണ്ണ സീറോ വേസ്റ്റ് സ്കൂൾ ആയി പ്രഖ്യാപിക്കുകയും ചെയ്തു.
- കുടിവെള്ളത്തിനായി കിണറും മറ്റ് ആവശ്യങ്ങൾക്കായി കാരാപ്പുഴ കുടിവെള്ള പദ്ധതിയും കൂടാതെ മഴവെള്ള സംഭരണിയും ഉണ്ട്.

### പരിമിതികൾ

1) ജില്ലയിലെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന എൽപി സ്കൂൾ ആണെങ്കിലും കുട്ടികൾക്ക് ഇരുന്നു പഠിക്കുന്നതിന് ആവശ്യമായ മികച്ച ക്ലാസ് മുറികളുടെ അഭാവം ഉണ്ട്.

- കുട്ടികൾക്ക് കളിക്കാൻ ആവശ്യമായ ഗ്രൗണ്ടില്ല.
- ഉച്ചഭക്ഷണം കഴിക്കുന്നതിന് ആവശ്യമായ Dining hall, സൗകര്യമുള്ള അടുക്കള, സ്റ്റോർ റൂം എന്നിവ ഇല്ല.
- ക്ലാസ് ലൈബ്രറികൾ ഉണ്ടെങ്കിലും വിദ്യാലയത്തിന് പൊതുവായ ഒരു വായനാമുറി ഇല്ല.
- ധാരാളം സ്റ്റാഫുകൾ ഉണ്ടെങ്കിലും സ്റ്റാഫ് റൂം ഇല്ല.
- ധാരാളം പൊതു പരിപാടികൾ നടത്തുന്നുണ്ടെങ്കിലും എല്ലാ കുട്ടികൾക്കും ഒന്നിച്ചിരുന്ന് കാണുന്നതിനായി ഓഡിറ്റോറിയം ഇല്ല.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

ഒറ്റനോട്ടത്തിൽ

**അക്കാദമികം**

**ഭാഷ മലയാളം**

ക്ലാസ്സ് ലൈബ്രറി

വായനാനുഭവം പങ്കുവെയ്ക്കൽ

വായനാക്കുറിപ്പ്

വായനാസാമഗ്രി- തയ്യാറാക്കൽ, ശേഖരണം

പത്രവായന

പത്രക്വിസ്

വായനാമത്സരം

കൈയ്യെഴുത്ത് മാസിക

ജന്മദിന പുസ്തകം

വാർത്താ വായന

വായനാമൂല

വായനാ വണ്ടി

സമൂഹ വായന (അധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ)

സംയുക്ത ഡയറി

പുസ്തക പരിചയം

അക്ഷരമരം

കണ്ണാടി

ശിൽപശാലകൾ

പുസ്തക പ്രദർശനം

വായനാ കാർഡുകൾ നിർണ്ണാണം

വാർത്താ വായന

കൈയ്യക്ഷര മത്സരം (രക്ഷിതാക്കൾ)

അക്ഷരപയറ്റ്

തലക്കെട്ട് നൽകൽ

പ്രസംഗം

**ENGLISH**

English Language club

English Assembly

English Magazine

News reading

English Day

Skit presentation

English Test

Story Telling

English Corner

English Film shows

Puzzles

Riddles

Games

Language lab

School Radio

Theatre Camp

English First

ICT

**അറബി**

അറബിക് മധുരം

വായന

അറബിക് ഭാഷാലാബ്

പദപരിചയം

ഡിജിറ്റൽ ലോകം

അറബിക് മത്സരങ്ങൾ

## പരിസരപഠനം

ശാസ്ത്രാവബോധം വളർത്തൽ

ലഘുപരീക്ഷണങ്ങൾ

ശാസ്ത്രജ്ഞരെ അറിയൽ

ശാസ്ത്രലാബ് സജ്ജീകരണം

ക്ലബ്ബ് രൂപീകരണം

ശാസ്ത്ര മേള

### ചരിത്രാവബോധം വളർത്തൽ

പഠനയാത്ര

പ്രദേശികചരിത്രരചന

അഭിമുഖം

പുരാവസ്തുശേഖരണം

## ഗണിതം

ഗണിത ലാബ്

ഗണിത കിറ്റ്

ഗണിത മേള

ഗണിത മാഗസിൻ

ഗണിത നിഘണ്ടു

## ദിനാചരണങ്ങൾ

പതിപ്പ്

ചുമർപത്രിക

അഭിമുഖം

റാലി

ശുചിത്വാരോഗ്യബോധവൽക്കരണം.

## സാമൂഹികം

### PTA, MPTA, SSG, SPG, SMC, SMDC

പൂർവ്വവിദ്യാർത്ഥികൾ, അദ്ധ്യാപകർ, ജനപ്രതിനിധികൾ, സംഘടന കൾ, അങ്കണ വാടികൾ എന്നിവയുടെ സഹകരണം ഉറപ്പുവരുത്തൽ

സംഗമങ്ങൾ(പൂർവ്വ - വിദ്യാർത്ഥി, അധ്യാപക, കർഷക, വയോജന ങ്ങൾ)

ആദരിക്കൽ (വിവിധ മേഖലകളിൽ പ്രതിഭകളായവരെ)

സർക്കാർ സേവനങ്ങൾ ലഭ്യമാക്കൽ

ദിനാചരണങ്ങൾ

സാമൂഹ്യസർവ്വേകൾ

അക്ഷരക്കൂട്ടം

- സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടൽ
- ശുചീകരണപ്രവർത്തനങ്ങൾ ഏറ്റെടുക്കൽ
- അടിസ്ഥാന കമ്പ്യൂട്ടർ സാക്ഷരതാ പരിശീലനം
- മെഡിക്കൽ ക്യാമ്പ്
- ശിൽപശാലകൾ (നാടകം, കവിത, കഥ)
- ജൈവവൈവിദ്ധ്യ പാർക്ക് സംരക്ഷണം
- പോഷകാഹാര വിതരണം - സംഭാവന
- വൃദ്ധസദനം, അഗതിമന്ദിരം, ആശുപത്രി സന്ദർശനം
- ജീവകാരുണ്യ പ്രവർത്തനം - സഹായം
- ഭക്ഷ്യമേള
- രക്ഷാകർതൃദിനം
- സ്കൂൾ നവീകരണം
- പെൺകുട്ടികളെ ശാക്തീകരിയ്ക്കൽ (നീന്തൽ, കരാട്ടേ etc. )
- സൈബർ പ്രശ്നങ്ങൾ - ബോധവൽക്കരണം
- പഠനോപകരണ നിർമ്മാണ ശിൽപശാല- പ്രദർശനം
- സ്വഭാവവൈകല്യമുള്ള കുട്ടികളെ രക്ഷിതാവിന്റെ സാന്നിദ്ധ്യത്തിൽ ബോധ വൽക്കരണം

3. ഭൗതികം

- ക്ലാസ്സ് റൂം നിർമ്മാണം
- ശുചിമുറി നിർമ്മാണം
- സ്റ്റേജ് നിർമ്മാണം
- ഭോജനശാല നിർമ്മാണം
- ഗെയിം കോർണർ
- ഓഫീസ് കം റിസപ്ഷൻ
- ചുറ്റുമതിൽ
- ജൈവപാർക്ക്
- കുഴൽക്കിണർ
- ഫർണീച്ചറുകൾ, ഷെൽഫുകൾ
- സ്കൂൾ ബസ്
- ക്ലാസ്സ് മുറികൾ വൈദ്യുതീകരിക്കൽ
- ആധുനിക അടുക്കള, സ്റ്റോർ റൂം

# 8. പദ്ധതി വിശദാംശങ്ങൾ

## അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | | നിർവഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| I ഭാഷാവബോധം വളർത്തൽ<br><br>1. *മലയാളം*<br>മലയാള ഭാഷയിലെ വ്യത്യസ്ത വ്യവഹാര രൂപങ്ങൾ പരിചയപ്പെടുത്തുന്നു. ഉപയോഗിക്കുന്നു. | വായന<br>• ലൈബ്രറി പരിചയപ്പെടുത്തൽ<br>• ലൈബ്രറി പുസ്തക വിതരണം<br>• വായനാവാരവുമായി ബന്ധപ്പെട്ട് വായനാനുഭവം പങ്കു വയ്ക്കൽ. കുറിപ്പ് തയ്യാറാക്കൽ, വായനാ മത്സരം, വായനാമൂല ഒരുക്കൽ, അമ്മ വായന, ആസ്വാദന കുറിപ്പ് etc.<br>• ജന്മദിന പുസ്തക വായന<br>• വാർത്താവായന മത്സരം<br>• പത്രവായന ദിവസവും (ക്ലാസ്സിൽ, അസംബ്ലിയിൽ) | ജൂൺ ആദ്യവാരം<br><br>ജൂൺ 19 മുതൽ | – | – | ക്ലാസ്സ് ടീച്ചർ<br>എസ്. ആർ. ജി |
| • അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കുകയും എഴുതുകയും ചെയ്യുന്നതിന് | • പിന്നാക്കക്കാർക്ക് വേണ്ടി വായനാകാർഡുകൾ (അക്ഷരം, പദം, ചിത്രം,വാക്യം) തയ്യാറാക്കി ദിവസവും 3 മണി മുതൽ പരിശീലനം നൽകുന്നു. | അധ്യയന വർഷം മുഴുവൻ | എസ്.ആർ.ജി | – | അദ്ധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | | നിർവഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| | <u>ലേഖനം</u><br>• എല്ലാ ദിവസവും രാവിലെ പത്രത്തിലെ വാർത്തകളുടെ തലക്കെട്ടുകൾ എഴുതിക്കുന്നു.<br>• കൈയെഴുത്തു മാസികകൾ | അധ്യയന വർഷം മുഴുവൻ | – | – | എസ്. ആർ. ജി അദ്ധ്യാപിക |
| | • അക്ഷര കാർഡുകളും പദങ്ങളും പദക്കാർഡുകളും കൊടുത്ത് വാകൃങ്ങൾ നിർമ്മിക്കുന്നു.<br>• ചിത്രവായന<br>• പദപ്രശ്നം<br>• അക്ഷരകേളി (മലയാള അക്ഷരങ്ങൾ എഴുതിയ കാർഡ് കുട്ടികൾക്ക് നൽകി അതിൽ നിന്നും ടീച്ചർ നിർദ്ദേശിക്കുന്നവ കണ്ടെത്തി എഴുതാൻ പറയുന്നു. (പച്ചക്കറികൾ, പഴങ്ങൾ, വാഹനങ്ങൾ, പൂക്കൾ etc.)<br>• ഭാഷാലാബ് | അധ്യയന വർഷം മുഴുവൻ | – | – | എസ്. ആർ. ജി അദ്ധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | | നിർവഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| 2. ഇംഗ്ലീഷ്<br>• **To identify different discourses in English** | **<u>Reading</u>**<br>• Language lab.<br>• English Newspaper reading<br>• English assembly (Prayer, Pledge, thought for the day etc.) *(Once in a week)*<br>• English day celebration<br>• English language club (*Once in a month)* | Daily | | | SRG<br>PTA |
| • **To understand English letters and to read and write language** | • English corner<br>• Construction of words using letters<br>• Short stories<br>• Construction of sentences using word cards<br>• Communication skill | Daily | | | SRG<br>PTA |
| • **To Improve vocabulary** | • Every day – One child introduce one word, meaning and spelling. | Daily | | | Teacher |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | | നിർവഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| • **To communicate English languages to others** | • Role play of different situations like hospital, school, market etc.<br>• Films shows<br>• Speeches in assembly<br>• Skit presentations | Through out in the academic year | | | Teacher<br>SRG |
| • **To improve writing skills** | **<u>Writing</u>**<br>• Word making<br>• Sentence making<br>• Puzzles<br>• Riddles<br>• Making invitation cards<br>• School radio on every Tuesday and Friday at Lunch Break | According to Class room activities<br><br>Through out in the academic year | | | Teacher |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | | നിർവഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| *3. അറബിക്*<br>• അറബിക് ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് | <u>അറബിക് മധുരം</u><br>• എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>• അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവപ്പെടുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിൽ അക്ഷരങ്ങൾ നൽകി അതിൽ നിറം നൽകുന്നു. | ആദ്യ രണ്ടു മാസങ്ങൾ | – | – | എസ്. ആർ. ജി അദ്ധ്യാപിക |
| • ഭാഷ ആശയം ഉൾക്കൊണ്ട് വായിച്ചു മനസ്സിലാക്കുന്നതിന് വേണ്ടി | <u>വായന</u><br>• ലളിതമായ അറബി പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>• ചിത്രകഥ, കഥാപുസ്തകം, കവിത, ചെറു വിവരണങ്ങൾ എന്നിവ ക്ലാസ്സ് ലൈബ്രറികളിൽനിന്നും കുട്ടികളിൽ നിന്നും ശേഖരിക്കുന്നു.<br>• അറബിക് ഭാഷാലാബ് | അധ്യയന വർഷം മുഴുവൻ | – | – | അധ്യാപിക എസ്.ആർ. ജി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | | നിർവഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| • ഭാഷാപഠനം മികവുറ്റതും, എളുപ്പവുമാക്കാൻ | • തനതായ അറബിഭാഷ കേൾക്കാനും അനുഭവിക്കാനും, ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും അവസരം ഒരുക്കുക. | | | | അധ്യാപിക എസ്.ആർ.ജി |
| • കുട്ടികളുടെ പദസമ്പത്ത് വർദ്ധിപ്പിക്കുക. | പദപരിചയം<br>• എല്ലാദിവസവും അതാത് ക്ലാസ്സിലെ ഒരു കുട്ടി ഓരോ പദംവീതം പരിചയപ്പെടുത്തുന്നു. മറ്റ് കുട്ടികൾ അത് എഴുതുകയും പഠിക്കുകയും ചെയ്യുന്നു. മാസത്തിലൊരിക്കൽ വിലയിരുത്തൽ നടത്തി സമ്മാനം നൽകുന്നു. | | | | അധ്യാപിക എസ്.ആർ.ജി |
| • കീബോർഡ് പരിചയപ്പെടുന്നു. ടൈപ്പ് ചെയ്യുന്നു. | • എല്ലാ കുട്ടികളും പ്രൈമറി തലത്തിൽ തന്നെ അറബിക് കീ ബോർഡ് പരിചയപ്പെടാനും, വാക്കുകൾ ടൈപ്പ് ചെയ്യാനും പഠിക്കുന്നു. | | | | അധ്യാപിക എസ്.ആർ.ജി |
| • കുട്ടികളിലെ വ്യത്യസ്ത കഴിവു കളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നു. | • മുഴുവൻ കുട്ടികൾക്കും, വേണ്ടി ക്ലാസ്സ് തലത്തിലും, സ്കൂൾ തലത്തിലും മത്സരങ്ങൾ, സംഘടിപ്പിക്കുന്നു. ക്വിസ്, പദനിർമ്മാണം etc. | മാസത്തിലൊരിക്കൽ | | | അധ്യാപിക എസ്.ആർ.ജി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | | നിർവഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| II പരിസരപഠനം<br>• ശാസ്ത്രാവബോധം വളർത്തുന്നതിന്. | • ശാസ്ത്രലാബ് സജ്ജീകരണം<br>• ലഘു പരീക്ഷണങ്ങൾ, പഠന പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്നു.<br>• ശാസ്ത്രജ്ഞരെ അറിയൽ, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ICT സാധ്യത ഉപയോഗിച്ച് ശാസ്ത്രജ്ഞൻമാരെയും കണ്ടുപിടുത്തങ്ങളേയും പരിചയപ്പെടുത്തുന്നു.<br>• ക്വിസ് പ്രോഗ്രാമുകൾ<br>• പഠനോപകരണ നിർമ്മാണം<br>• ഫീൽഡ് ട്രിപ്പുകൾ<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>• സ്കൂൾ തല ശാസ്ത്രമേള | ജൂൺ വർഷം മുഴുവൻ<br><br>സെപ്തംബർ<br><br>അധ്യയന വർഷം മുഴുവൻ<br><br>ഒക്ടോബർ | 5000 | പി.ടി.എ | അധ്യാപിക എസ്.ആർ.ജി. പി.ടി.എ.<br><br>പി.ടി.എ. എസ്.ആർ.ജി<br><br>അധ്യാപകർ<br><br>എസ്.ആർ.ജി പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | | നിർവഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| • ചരിത്രാവബോധം വളർത്തുന്നതിന് | • പ്രദേശത്തെ വിവിധ മേഖലകളിലെ മുതിർന്ന പൗരന്മാരോട് അഭിമുഖം നടത്തുന്നു. (പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്) | മാസം തോറും | | | എസ്.ആർ.ജി<br>പി.ടി.എ. |
| | • വിവിധ പ്രാദേശിക ചരിത്ര രചനകൾ പരിചയപ്പെടുത്തി വിദ്യാലയത്തിന്റെ പ്രാദേശിക ചരിത്രരചന വളർത്തുന്നു. മേളയിൽ അവതരിപ്പിക്കുന്നു. | സെപ്തംബർ | | | എസ്.ആർ.ജി<br>പി.ടി.എ. |
| III ഗണിതം<br>• ഗണിതാവബോധം വളർത്തൽ | • പ്രീ–ടെസ്റ്റ് നടത്തി സംഖ്യാബോധം ചതുഷ്ക്രിയകൾ തുടങ്ങിയവ അറിയാത്ത കുട്ടികളെ കണ്ടെത്തുന്നു.<br>• മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് (ഗണിതലാബ് ഉപയോഗിക്കുന്നു) അമൂർത്ത ആശയങ്ങളെ പരിചയപ്പെടുത്തുന്നു. | ജൂൺ അധ്യയന വർഷം മുഴുവൻ | | | അധ്യാപിക<br>എസ്.ആർ.ജി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | | നിർവഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| | • സങ്കലന വ്യവകലന ക്രിയകൾ മഞ്ചാടി, പുളിങ്കുരു, മുത്ത് ഈർക്കിലി തുടങ്ങിയവ ഉപയോഗിച്ച് നിർദ്ധാരണം ചെയ്യാൻ കുട്ടികളെ പ്രാപ്തരാ ക്കുന്നു. | | | | അധ്യാപിക എസ്.ആർ. ജി. |
| | • ഗണിത ലാബ് സജ്ജീകരിക്കുന്നു.<br>• പഠനോപകരണ ശിൽപശാല നടത്തുന്നു.<br>• സ്കൂൾ തല ഗണിത മേള നടത്തുന്നു. | ജൂൺ<br>സപ്തംബർ<br>സപ്തംബർ | 5,000 | പി.ടി.എ. | അധ്യാപിക |
| • നിത്യജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന്, പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | ഗണിതം നിത്യജീവിതത്തിൽ<br>• നീളം, ഭാരം, വലിപ്പം ഉള്ളവ, ചുറ്റളവ് എന്നിവ പരിചയപ്പെടുത്തുന്നു.<br>• നിത്യജീവിതത്തിലുപയോഗിക്കുന്ന വസ്തുക്കളുടെ നീളം അളക്കുന്നു. താരതമ്യം ചെയ്യുന്നു.<br>• അളവുപകരണങ്ങൾ പരിചയപ്പെടുത്തുന്നു. | ജൂൺ മാസം മുതൽ | | | എസ്.ആർ. ജി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | | നിർവഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| | • *ഗണിത നിഘണ്ടു*<br>ഒന്നാം ക്ലാസ് മുതൽ ആരംഭിക്കുന്ന ഗണിത നിഘണ്ടുവിലേയ്ക്ക് കുട്ടികൾ ഓരോ ക്ലാസ്സുകളിൽ നിന്നും പടിപടിയായി ലഭിക്കുന്ന അറിവുകൾ കൂട്ടിച്ചേർക്കുന്നു<br>ഉദാ. ചതുരം രൂപം തിരിച്ചറിയുന്നു. ചതുരത്തിന്റെ പ്രത്യേകതകൾ ഓരോന്നായി കുട്ടി തിരിച്ചറിയുന്നു.<br>• ചതുരം<br>• നാല് വശങ്ങൾ<br>• നാല് മൂലകൾ<br>• ചുറ്റളവ് etc. | വർഷം മുഴുവൻ | | | എസ്.ആർ. ജി. |
| | <u>ഗണിത മാഗസിൻ</u><br>• ഗണിത മേളയുമായി ബന്ധപ്പെട്ട് നിർമ്മിക്കുന്നു. | നാട്ടുകാർ | 10,000 | പി.ടി.എ. | അധ്യാപിക എസ്.ആർ. ജി. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | | നിർവഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| IV ഐ.സി.ടി.<br>• നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നു. | • കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും പരിചയപ്പെടുത്തുന്നു.<br>• പഠന പ്രവർത്തനങ്ങൾ ICT ഉപയോഗിച്ച് ചെയ്യുന്നു.<br>• കമ്പ്യൂട്ടർ ഗെയിമുകൾ<br>• ചിത്രങ്ങൾക്ക് നിറം നൽകൽ (ആഴ്ചയിൽ രണ്ടു പിരീഡുകളിലായി അവസരം നൽകുന്നു.) | അധ്യയന വർഷം മുഴുവൻ | | | എസ്.ആർ. ജി. |
| • പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകുന്നു. | • പഠന സാമഗ്രി വിതരണം<br>• വാഹന സൗകര്യം<br>• പോഷകാഹാരം വിതരണം<br>• വസ്ത്രങ്ങൾ വിതരണം ചെയ്യുന്നു.<br>• രക്ഷിതാക്കൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ<br>• ഗൃഹസന്ദർശനം<br>• പ്രാദേശിക പി.ടി.എ. | അധ്യയന വർഷം മുഴുവൻ നീണ്ടു നിൽക്കുന്നു | 1,00,000 | ത്രിതല പഞ്ചായത്ത്<br>MLA ഫണ്ട്<br>MP ഫണ്ട് | എസ്.ആർ. ജി.<br>പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | | നിർവഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| **VII** <u>ദിനാചരണങ്ങൾ</u><br>• ഓരോ ദിവസത്തിന്റെയും പ്രാധാന്യം തിരിച്ചറിയുന്നു. | *<u>ദിനാചരണങ്ങൾ</u>*<br>• പ്രസംഗം<br>• അഭിമുഖം<br>• ചുവർ പത്രിക<br>• റാലി<br>• പതിപ്പ് നിർമ്മാണം<br>• ക്വിസ്<br>• ബോധവത്ക്കരണ ക്ലാസ്സുകൾ<br>• കൊളാഷ് നിർമ്മാണം<br>• ഫീൽഡ് ട്രിപ്പ്<br>• ജൈവോദ്യാനം, പച്ചക്കറി തോട്ടം, ഔഷധസസ്യത്തോട്ടം<br>• ദൃശ്യാവിഷ്കാരങ്ങൾ | വർഷം മുഴുവൻ നീണ്ടു നിൽക്കുന്നു. | 10,000 | എസ്.എസ്.എ<br>പി.ടി.എ. | അധ്യാപിക<br>എസ്.ആർ.ജി. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | | നിർവഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| VI ഗോത്രവിഭാഗത്തിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനും മുൻ നിരയിൽ എത്തിക്കുന്നതിനും | <u>ടാലന്റ് ലാബ്</u><br>• ഗോത്രകലകൾ പരിചയപ്പെടുത്തുന്നു. പരിശീലനം നൽകുന്നു.<br>• ഗോത്രവിഭാഗക്കാരുടെ വാദ്യോപകരണങ്ങൾ പരിചയപ്പെടുത്തുന്നു. പരിശീലനംനൽകുന്നു.<br>• നാടൻപാട്ട് പരിചയപ്പെടുത്തുന്നു. പരിശീലിപ്പിക്കുന്നു.<br>• സ്കൂൾ അസംബ്ലിയിൽ ഗോത്രവിഭാഗക്കാരായ കുട്ടികൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.<br>• മെന്റർ ടീച്ചറുടെ സഹായത്തോടെ ഗോത്രഭാഷയിലൂടെ ആശയവിനിമയം നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നു. | അധ്യയന വർഷം മുഴുവൻ | 10,000 | MP ഫണ്ട്, ത്രിതല പഞ്ചായത്ത് പി.ടി.എ. | എസ്.ആർ.ജി എസ്.ടി. പ്രമോട്ടർ, മെന്റർ ടീച്ചർ, പി.ടി.എ. എം.പി.ടി.എ |

## സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം/രീതി | കാലം | സാമ്പത്തിക വിശകലനം | | നിർവ്വഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| • സ്കൂളിന്റെ സമഗ്ര വികസനം ഉറപ്പു വരുത്തുന്നതിനും സുഗമമായ നടത്തിപ്പിനും | • PTA, MPTA, SSG, SPG, SMC, SMDC ശാക്തീകരണം<br>1. മാസത്തിലൊരിക്കൽ വിളിച്ചു ചേർക്കൽ<br>2. പ്രദേശികമായി PTA മീറ്റിംഗുകൾ സംഘടിപ്പിക്കൽ | മാസം തോറും | 25,000 | PTA ഫണ്ട് | HM, സ്റ്റാഫ് സെക്രട്ടറി, ഞഎ കൺവീനർ |
| • വിദ്യാലയവും സമൂഹവുമായുള്ള ബന്ധം ഊട്ടി ഉറപ്പിക്കുന്നതിന് | • പൂർവ്വവിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, സംഘടനകൾ, അങ്കണവാടികൾ എന്നിവയുടെ സഹകരണം<br>1. പൂർവ്വവിദ്യാർത്ഥികളിലും, അധ്യാപകരിലും വിവിധ മേഖലകളിലെ പ്രമുഖരെ ഉൾക്കൊള്ളിച്ച് സെമിനാറുകൾ, ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ<br>2. ജനപ്രതിനിധികളുടെ സഹായത്തോടെ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ.<br>3. അങ്കൺവാടികൾ – പ്രതിരോധ കുത്തിവെയ്പ്, പോഷകാഹാരവിതരണം എന്നിവയിൽ സഹായം ലഭ്യമാക്കൽ | അദ്ധ്യായന വർഷം (നൂറാംവാർഷികത്തോടനുബന്ധിച്ച് മാസം തോറും വിവിധ പ്രവർത്തനങ്ങൾ) | 1,00,000 | SSA<br>പഞ്ചായത്ത്<br>MLA ഫണ്ട്<br>MP ഫണ്ട് | HM<br>PTA<br>SSG<br>MPTA<br>SPG<br>SMC |

| | | | | | |
|---|---|---|---|---|---|
| • വിദ്യാലയ വികസനം –വീണ്ടും വിദ്യാലയത്തിലേക്ക് കടന്നു വരാൻ അവസരം ഒരുക്കൽ. | • സംഗമങ്ങൾ<br>1. പൂർവ്വ അധ്യാപക സംഗമങ്ങൾ<br>2. പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ<br>3. കർഷക സംഗമങ്ങൾ<br>4. വയോജനങ്ങളുടെ സംഗമങ്ങൾ | (നൂറാംവാർഷികത്തോടനുബന്ധിച്ച് മാസം തോറും വിവിധ പ്രവർത്തനങ്ങൾ) | 1,00,000 | പൂർവ്വ വിദ്യാർത്ഥികൾ | PTA<br>MPTA<br>SSG<br>SMC |
| • വ്യത്യസ്ഥ മേഖലകളിലുള്ളവരെ ആദരിക്കുന്നതിലൂടെ കുട്ടികൾക്ക് ആ മേഖലകളിൽ എത്തിചേരാനുള്ള താൽപര്യമുണർത്തൽ, പ്രചോദനങ്ങൾ | • ആദരിക്കൽ<br>1. കർഷകരെ ആദരിക്കൽ<br>2. വിവിധ തൊഴിൽ മേഖലകളിലെ പ്രതിഭകളെ ആദരിക്കൽ<br>3. പൂർവ്വ വിദ്യാർത്ഥികളിൽ ഉന്നത രംഗത്ത് എത്തിചേർന്നവരെ ആദരിക്കൽ | | 50000 | SSA | PTA<br>MPTA<br>SSG<br>SMC |
| • രക്ഷിതാക്കൾക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന | • സർക്കാർ സേവനങ്ങൾ ലഭ്യമാക്കൽ<br>ജനറൽ ബോഡി, CPTA തുടങ്ങിയ യോഗങ്ങളിൽ സർക്കാർ സേവനങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തൽ | | 2000 | PTA | ഗ്രാമപഞ്ചായത്ത്<br>PTA<br>SSG |

| | | | | | |
|---|---|---|---|---|---|
| • പ്രധാനദിനങ്ങളെ മനസ്സിലാക്കുക അടുത്തറിയുക. | • ദിനാചരണങ്ങൾ<br>ഓരോ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ – ബോധവൽക്കരണം നടത്തൽ. | അധ്യയന വർഷം മുഴുവൻ | 25000 | SSA | PTA<br>SRG<br>SSG<br>SMC |
| • കുട്ടികളുടെ അടിസ്ഥാന സൗകര്യങ്ങൾ തിരിച്ചറിയുന്നതിനും മെച്ചപ്പെടുത്തുന്നതിനും | • സാമൂഹ്യ സർവേകൾ<br>വീട്, കുടിവെള്ളം, വൈദ്യുതി, ശൗചാലയം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സർവേയിലൂടെ കണ്ടെത്തുന്നു. | | 10 ലക്ഷം | പഞ്ചായത്ത്<br>MLA ഫണ്ട്<br>MP ഫണ്ട് | SRG<br>PTA<br>SSG |
| • എല്ലാവരെയും സാക്ഷരരാക്കുക | • അക്ഷരക്കൂട്ടം<br>ഓരോ പ്രദേശത്തേയും നിരക്ഷരായ കുട്ടികളേയും രക്ഷിതാക്കളേയും കണ്ടെത്തി ഗ്രന്ഥശാലകളുടേയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ പരിശീലനം | | 20,000 | അതാതു പ്രദേശത്തെ സന്നദ്ധ സംഘടനകൾ, വ്യക്തികൾ | PTA<br>SMC<br>SSG |

| | | | | | |
|---|---|---|---|---|---|
| • കുട്ടികൾക്കുള്ള സാമൂഹ്യ സുരക്ഷ ഉറപ്പാക്കുക | • സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടൽ ലഹരി ഉപയോഗം, കുട്ടികൾക്കെതിരെയുള്ള ചൂഷണങ്ങൾ തുടങ്ങിയവ കണ്ടെത്തി നിയമപാലകരുടെ സഹായത്തോടെ നിയന്ത്രണ വിധേയമാക്കൽ | | | | Nodit Officer,<br>promoter<br>PTA<br>SMC<br>SSG<br>MPTA |
| • വ്യക്തി ശുചിത്വം പരിസരശുചിത്വം – ബോധമുണ്ടാക്കൽ | • ശുചീകരണപ്രവർത്തനങ്ങൾ ഏറ്റെടുക്കൽ<br>ബസ്സ്റ്റാൻഡ്, റോഡ്, ആശുപത്രി തുടങ്ങിയവ കുട്ടികളെ ഉൾപ്പെടുത്തി വൃത്തിയാക്കൽ | ഒക്ടോബർ | 10,000 | പഞ്ചായത്ത്<br>PTA | PTA<br>MPTA |
| • എല്ലാവർക്കും അടിസ്ഥാന കമ്പ്യൂട്ടർ സാക്ഷരത ഉറപ്പാക്കുക | • കമ്പ്യൂട്ടർ സാക്ഷരതാ പരിശീലനം രക്ഷിതാക്കൾക്കും നാട്ടുകാർക്കും, പഞ്ചായത്തിന്റെയും, സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ കമ്പ്യൂട്ടർ പരിശീലനം നൽകുക. | | 10,000 | പഞ്ചായത്ത്<br>MLA ഫണ്ട്<br>MP ഫണ്ട് | PTA<br>MPTA |
| • സൗജന്യ രോഗ നിർണയം ലഭ്യമാക്കുക, ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക. | • മെഡിക്കൽ ക്യാമ്പ്<br>പഞ്ചായത്തിന്റെയും, ക്ലബ്ബുകളുടെയും സഹായത്തോടെ വിവിധ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക | | 50000 | പഞ്ചായത്ത്<br>SSA<br>ക്ലബ്ബുകൾ | SRG<br>PTA |

| | | | | | |
|---|---|---|---|---|---|
| • കുട്ടികളിലെ കലാവാസന വികസിപ്പിക്കൽ | • ശിൽപശാല<br>നാടകം, നാടൻപാട്ട്, കവിത, കഥ, ചിത്രം, നൃത്തം തുടങ്ങിയവയ്ക്ക് അഭ്യസ്ത വിദ്യരായ ആളുകളെ ഉൾപ്പെടുത്തി പരിശീലനം നൽകുക. | | 500000 | പഞ്ചായത്ത് | PTA<br>പഞ്ചായത്ത്<br>SSG<br>SMC |
| • ജൈവവൈവിധ്യം തിരിച്ചറിയലും സംരക്ഷിക്കലും | • കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ ജൈവവൈവിധ്യ പാർക്ക് സംരക്ഷിയ്ക്കുക | | 10000 | PTA<br>കൃഷി വകുപ്പ് | PTA<br>സ്കൂൾ<br>MPTA<br>SMC |
| • എല്ലാവർക്കും പോഷകാഹാരം ലഭ്യമാക്കൽ | • പോഷകാഹാര വിതരണം.<br>അങ്കൺവാടികളിലൂടെ ലഭ്യമാകുന്ന പോഷകാഹാര വിതരണത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നു. | | | | PTA<br>MPTA<br>SSG<br>SMC |
| • വ്യക്തിബന്ധങ്ങളും മാനുഷിക മൂല്യങ്ങളും തിരിച്ചറിയുക. | • വൃദ്ധസദനം, അഗതി- അനാഥ മന്ദിരം, ആശുപത്രി തുടങ്ങിയവ സന്ദർശിക്കുക, കഴിവിനനുസരിച്ച് സഹായങ്ങൾ നൽകുക. | | 10000 | PTA | PTA<br>MPTA |
| • കുട്ടികളിൽ അനുതാപം വളർത്തുക. | • ജീവകാരുണ്യ പ്രവർത്തനങ്ങൾ കുട്ടികളെ ഉൾപ്പെടുത്തി പാലിയേറ്റീവ് യൂണിറ്റുണ്ടാക്കി രോഗ ബാധിതരായവരെ സന്ദർശിക്കുകയും, പരിചരണം നടത്തുകയും ചെയ്യുക. | | 10000 | പഞ്ചായത്ത്<br>SSA | PTA<br>MPTA<br>SSG<br>SMC |

## ഭൗതികം

| ലക്ഷ്യം | പ്രവർത്തനം/ രീതി | കാലം | സാമ്പത്തിക വിശകലനം | | നിർവ്വഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| • സുഗമമായ പഠനം ഉറപ്പു വരുത്തൽ | • കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ക്ലാസ് റൂം നിർമ്മാണം<br>Hall (Ground floor)+ 9×3 =27 (4 നിലകൾ) Theatre ന്റെ മുകളിൽ 2റൂം, ഓഫീസ് റൂമിന്റെ മുകളിൽ 3 റൂം) | | $1\frac{1}{2}$ കോടി | MSDP | PTA |
| • ശുചിമുറികളുടെ ദൗർലഭ്യം പരിഹരിക്കൽ | • ടോയ്‌ലറ്റ് നിർമ്മാണം<br>Urinal -25, Toilet – 40 | | 10 ലക്ഷം | SSA | PTA |
| • വിദ്യാലയത്തിലെ കലാസാംസ്കാരിക പ്രവർത്തനാവതരണം | • സ്റ്റേജ് നിർമ്മാണം, വർക്കിംഗ് ഏരിയ | | 5 ലക്ഷം | SSA | PTA |
| • വൃത്തിയായും ശുചിയായും ഭക്ഷണം തയ്യാറാക്കുക. വിതരണം ചെയ്യുക. | • Kitchen, Store room, Work area, Dining hall, Washing area with racks | | 40 ലക്ഷം | MLA fund | PTA |
| • കുട്ടികളുടെ ബൗദ്ധിക, മാനസിക, കായിക, ശാരീരിക പരിപോഷണം ലഭ്യമാക്കൽ | • Game Corners<br>(Badminton, Chess, Caroms) തുടങ്ങിയ വയ്ക്ക് റൂഫ് പ്രയോജനപ്പെടുത്തുക. | | 4 ലക്ഷം | പഞ്ചായത്ത് | PTA |

| | | | | | |
|---|---|---|---|---|---|
| • വിവര സാങ്കേതിക വിദ്യയുടെ ദോഷഫലങ്ങൾ തിരിച്ചറിയൽ | • സൈബർ ബോധവത്ക്കരണം<br>കമ്പ്യൂട്ടർ ഗെയിമുകളുടെ ദോഷഫലങ്ങളെ കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ | ജൂലൈ | 10000 | SSA<br>PTA | PTA<br>SRG |
| • പഠന പുരോഗതിയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തൽ | • പഠനോപകരണ നിർമ്മാണ ശിൽപശാല<br>രക്ഷിതാക്കളുടെ സഹായത്തോടെ പഠനോപകരണങ്ങൾ നിർമ്മിക്കൽ | സെപ്റ്റംബർ | 50000 | SSA<br>PTA | PTA<br>SRG |

| | | | | | |
|---|---|---|---|---|---|
| • സ്ഥാപനത്തിന്റെ ഔദ്യോഗിക പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കൽ | • Office cum Reception<br>Office room (With shelf) , reception room + toilet | | 25 ലക്ഷം | MSDP Block | PTA |
| • സുരക്ഷ | • ചുറ്റുമതിൽ, ഗെയ്റ്റ് | | 15 ലക്ഷം | പഞ്ചായത്ത് | PTA |
| • കുട്ടിയുടെ മാനസിക കായിക ഉല്ലാസത്തിന് | • ജൈവ പാർക്ക് - ജൈവ വേലി, കളിയുപകരണങ്ങൾ, (ഊഞ്ഞാൽ, സ്ലൈഡ്, സിസോ, ചാരുബഞ്ച്) സൗന്ദര്യവത്ക്കരണം | | 5 ലക്ഷം | ബ്ലോക്ക് പഞ്ചായത്ത് | PTA |
| • ജല ദൗർലഭ്യം പരിഹരിക്കൽ | • കുഴൽ കിണർ-സ്കൂൾ കോമ്പൗണ്ടിൽ ജലലഭ്യതയ്ക്കനുസൃതമായ കിണർ, ടാങ്ക് നിർമ്മാണം. | | 10 ലക്ഷം | MP Fund | PTA |
| • സുഗമമായ അക്കാദമിക് പ്രവർത്തന നടത്തിപ്പ്, ഭക്ഷണവിതരണം. | • ഫർണീച്ചർ | | 25 ലക്ഷം | MLA fund | PTA |
| • യാത്രാ സൗകര്യം ഉറപ്പുവരുത്തൽ | • സ്കൂൾ ബസ് | | 15 ലക്ഷം | MLA fund | PTA |
| • വൈദ്യുതി ലഭ്യമാക്കൽ | • ക്ലാസ്സ് മുറികളുടെ വൈദ്യുതീകരണം. | | 50 ലക്ഷം | MSDP | PTA |
| • സ്കൂളിന്റെ സൗന്ദര്യ വത്ക്കരണം | • പുല്ല് പിടിപ്പിക്കൽ, വിവിധ മാപ്പുകൾ (പഞ്ചായത്ത്, വയനാട്, കേരളം, ഇന്ത്യ) ക്രമീകരിക്കൽ | | 3 ലക്ഷം | SSA | PTA |
| • കമ്പ്യൂട്ടർ നിരക്ഷരത നിർമ്മാർജ്ജനം | • Smart class കൾക്കാവശ്യമായ Computers, LCD Projector etc. | | 10 ലക്ഷം | SSA | PTA |

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | | നിർവഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| 1, സമഗ്ര ഗുണമേന്മ ക്യാമ്പയിൻ | നവ കേരള മിഷന്റെ ഭാഗമായി അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിൽ ഊന്നിയുള്ള പ്രചരണം, സ്കൂൾതല സമിതികളുടെ രൂപീകരണം<br>അക്കാദമിക പിന്നോക്കാവസ്ഥ കണ്ടെത്തി പ്രശ്നപരിഹാരത്തിനുള്ള പദ്ധതി തയ്യാറാക്കുന്നു.<br>ഓരോ മേഖലയിലെയും കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് പരിമിതികൾക്ക് പരിഹാരമായി ആക്ഷൻ പ്ലാൻ രൂപപ്പെടുത്തുന്നു,<br>ഓരോ ക്ലാസിലും കുട്ടികൾക്ക് നേടേണ്ട പഠന ലക്ഷ്യങ്ങൾ പട്ടികപ്പെടുത്തി പ്രദർശിപ്പിക്കുന്നു. | 07.05.25 | | | എച്ച് എം, പിടിഎ, എം പി ടി എ, എസ് എം സി, എസ് ആർ ജി |
| 2. ഭവന സന്ദർശനം | കുട്ടിയുടെ സമഗ്ര പ്രൊഫൈൽ തയ്യാറാക്കുന്നു ആവശ്യമായ കുട്ടികൾക്ക് പഞ്ചായത്ത് സമിതിയിലൂടെയോ മറ്റു സന്നദ്ധത കൂട്ടായ്മകൾ വഴിയോ പിന്തുണ നൽകുന്നു<br>( പഠനമുറി, പഠന സാമഗ്രികൾ ) | മെയ്, ജൂൺ, | | | സ്കൂൾ അധ്യാപകർ, പിടിഎ, പഞ്ചായത്ത് സമിതി |

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | | നിർവഹണ ചുമതല |
|---|---|---|---|---|---|
| | | | ചിലവ് | ഉറവിടം | |
| 3. ക്യാമ്പയിൻ സോഷ്യൽ മീഡിയ പ്രചാരണം | സ്കൂളിൽ നടത്തുന്ന ഓരോ പ്രവർത്തനവും പൊതുസമൂഹത്തിൽ എത്തിക്കുന്നതിനായി സ്കൂൾ വിക്കിയിലും സോഷ്യൽ മീഡിയയിലും ചേർക്കുന്നു | ജൂൺ, | | | എച്ച് എം, പിടിഎ, എം പി ടി എ, എസ് എം സി, എസ് ആർ ജി രക്ഷിതാക്കൾ |
| 4. പഠനോത്സവം | കുട്ടികൾ ആർജിച്ച പഠന നേട്ടങ്ങളുടെ തെളിവുകൾ കുട്ടികൾ പഠനോത്സവമായി അവതരിപ്പിക്കുന്നു<br><br>അക്കാദമിക പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുന്നു | ജനുവരി | | | സ്കൂൾ, എസ് എസ് കെ, പഞ്ചായത്ത് |

## സമഗ്ര ഗുണമേന്മാ പിന്തുണാ പ്രവർത്തനങ്ങൾ

അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.

- ★ SAS നടപ്പാക്കലും, നടപ്പാക്കുന്നതിന് ആവശ്യമായ ടൈം ഷെഡ്യൂൾ തയ്യാറാക്കൽ.
- ★ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് മാതൃക ചോദ്യങ്ങൾ തയ്യാറാക്കുന്നു. (ഒബ്ജക്റ്റീവ് ടൈപ്പ് )
- ★ രണ്ട്/ മൂന്ന് മാതൃക പരീക്ഷകൾ നടത്തി ഫലം വിശകലനം ചെയ്ത് പിന്നോക്കക്കാരെ കണ്ടെത്തി പിന്തുണ നൽകുന്നു.
- ★ പി ആർ എസ് 2024 നടത്തുന്നതിന് തയ്യാറാക്കിയ പദ്ധതിയുടെ മാതൃക യിലുള്ള പ്രവർത്തനങ്ങൾ.
- ★ പരീക്ഷയ്ക്ക് ആവശ്യമായ പിന്തുണ നൽകി ക്ലാസ് തല പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു.
  പഞ്ചായത്ത് തലത്തിൽ നിന്ന് അക്കാദമികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കാവശ്യമായ സഹായം ലഭ്യമാക്കുന്നു.
  മോണിറ്ററിങ്ങിന്റെ ഭാഗമായി പിന്തുണ ഉറപ്പുവരുത്തുന്നു.

- ★ ക്ലാസ് റൂം മുഖാമുഖ പഠനത്തിന് പാഠ്യ പദ്ധതി പ്രകാരം നിശ്ചയിച്ച സമയം ഉറപ്പുവരുത്തുന്നു.
- ★ വിഷയാടിസ്ഥാനത്തിൽ പാഠഭാഗങ്ങൾ പൂർത്തീകരിക്കലും, മൂല്യനിർണയവും.
- ★ സ്കൂൾതല പിന്തുണ പ്രവർത്തനങ്ങൾക്ക് അക്കാദമിക മോണിറ്ററിംഗ് ശക്തമാക്കൽ.
- ★ വിഷയാടിസ്ഥാനത്തിൽ ശേഷി വർദ്ധിപ്പിക്കുന്നതിനായി കലണ്ടർ തയ്യാറാക്കുന്നു.
- ★ ആശയ ഗ്രഹണ വായനയിലെ പിന്നോക്ക അവസ്ഥ പരിഹരിക്കുന്നതിനായി പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി സ്കൂൾതല ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നു.
- ★ ആശയ ഗ്രഹണ വായനയ്ക്ക് അവസരം നൽകുന്ന പ്ലാൻ ടീച്ചിംഗ് മാനുവലിൽ ഉൾപ്പെടുത്തുന്നു.
- ★ ശാസ്ത്ര പഠനം പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന തരത്തിൽ നടപ്പിലാക്കുന്നു.
- ★ ശാസ്ത്ര വിഷയങ്ങളിൽ പരീക്ഷണ പ്രവർത്തനങ്ങൾക്ക് വിലയിരുത്തൽ നടത്തുന്നു.
- ★ അക്കാദമിക മോണിറ്ററിങ്ങിന്റെ ഭാഗമായി മികവുകളും പരിമിതികളും പരിശോധിച്ച് പിന്തുണയ്ക്കായി ഡയറ്റുകളുടെ സേവനം ഉറപ്പുവരുത്തുന്നു.
- ★ മൂല്യനിർണയ പരിഷ്കരണ പ്രവർത്തനങ്ങൾ/ നൂതന രീതികൾ വിക സിപ്പിക്കൽ
- ★ കോംബിറ്റൻസി ബേസ്ഡ് എക്സാം നൂതനമായ പരീക്ഷ രീതികളുടെ മാർഗ്ഗരേഖ വികസിപ്പിക്കൽ


ഗവ. എൽ. പി. സ്കൂൾ
പ്രവേശനോത്സവം
ജൂൺ 5
ലോക പരിസ്ഥിതി ദിനം
വിദ്യാരംഗം കലാസാഹിത്യ വേദി,
മികവുകളിലൂടെ....

ഗവ.എൽ പി സ്കൂൾ
മീനങ്ങാടി

# പഠനോത്സവം

മികവുകളുടെ അവതരണം

2025 മാർച്ച് 11 ചൊവ്വ

## സ്വാഗതം







ജൂൺ 5

# ലോക പരിസ്ഥിതി ദിനം



















# വായനാദിനം
















പുസ്തക പരിചയം



# വിദ്യാരംഗം കലാസാഹിത്യ വേദി,

## വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം













# ചാന്ദ്രദിനം











GLPS
MEENANGADI
ചാന്ദ്രദിന ക്വിസ് മത്സര
വിജയികൾ
ദേവനിക ടി എസ്
3E
അർച്ചനമോൾ
4C
ദേവനന്ദ് കെവി
4C
Congratulations

# സ്വാതന്ത്ര്യദിനാഘോഷം





# സ്കൂൾ പാർലമെന്റ്























# കൃഷി കാഴ്ചകൾ അറിയാൻ.....

## ക്ലാസ് 2









# സ്കൂൾ സൗന്ദര്യവൽക്കരണം





# സയൻസ് കോർണർ







**ജി. എൽ. പി. എസ്**
**മീനങ്ങാടി**

*An Experiment A Day*








# സോപ്പ്
# നിർമ്മാണം









# പ്രഥമ ശുശ്രൂഷ ക്ലാസ്











# ഒന്നാം ക്ലാസിലെ
# കുഞ്ഞുകൂട്ടുകാരുടെ രചനോത്സവം

**രചനോത്സവം**

**മാഗസിൻ പ്രകാശനം**



ക്ലാസ്സ് 1 D
ജി. എൽ. പി. എസ്. മിനങ്ങാടി

**രചനോത്സവം**

**കഞ്ഞെഴുത്തുകൾ പ്രകാശനം**



ക്ലാസ്സ് 1 A
ജി. എൽ. പി. എസ്. മിനങ്ങാടി

**രചനോത്സവം**

**കട്ടികളുടെ പത്രം പ്രകാശനം**



ക്ലാസ്സ് 1 C
ജി. എൽ. പി. എസ്. മിനങ്ങാടി

**രചനോത്സവം**

**സംയുക്ത ഡയറിക്കുറിപ്പുകൾ പ്രകാശനം**



ക്ലാസ്സ് 1 B
ജി. എൽ. പി. എസ്. മിനങ്ങാടി

# ഫീൽഡ് ട്രിപ്പ് - ഗ്രാമസഭയിലേക്ക്

## നാലാം ക്ലാസ്സ്








# വാനനിരീക്ഷണം











# ഫീൽഡ് ട്രിപ്പ്– മാവിലാം തോട്

## പഴശ്ശിരാജ വെടിയേറ്റ് മരിച്ച മണ്ണിലേക്ക് ഒരു യാത്ര









ഗവ. എൽ പി സ്കൂൾ,
മീനങ്ങാടി

**ഫീൽഡ് ട്രിപ്പ്**

**മാവിലാം തോട്**



പ്രിയരേ,
പഴശ്ശിരാജയുടെ പാഠഭാഗത്തെ
ആസ്പദമാക്കി പുൽപ്പള്ളി മാവിലാം
തോട്ടിലേക്ക് 04/02/2025 ചൊവ്വ ഒരു ഫീൽഡ്
ട്രിപ്പ് നടത്തുന്നു.





# SSG യുടെ നേതൃത്വത്തിൽ പച്ചക്കറികൾ നടുന്നു









# രണ്ടാം ക്ലാസിലെ കുട്ടികൾക്കായുള്ള പോഷകാഹാര ക്ലാസ്







# ഊണിന്റെ മേളം









# പലഹാരമേള ക്ലാസ് 1








# വർണ്ണോത്സവം




# രക്ഷിതാക്കളുടെ ശില്പശാല



# ഹായ് റേഡിയോ



# അമ്മ വായന



# സാമൂഹ്യശാസ്ത്ര ക്ലബ്ബ് പ്രവർത്തനം




# വായനാ വണ്ടി



# ഭിന്നശേഷി ദിനാചരണം









## ഔഷധസസ്യങ്ങളെ അടുത്തറിയാം ക്ലാസ് 3





# യാത്രാസൗകര്യം


ഗവ: എൽ.പി. സ്കൂൾ മീനങ്ങാടി


SCHOOL BUS
ഗവ: എൽ. പി. സ്കൂൾ മീനങ്ങാടി
KL 73
E1317


ON SCHOOL DUTY
magic
KL51D5319

# ശാസ്ത്രമേള























## സ്കൂൾ ഫുട്ബോൾ ടീം



## ലഹരി വിരുദ്ധ പ്രതിജ്ഞ



## മിറർ കോർണർ



## കുട്ടിക്കോരു മാഗസിൻ



# ഉപജില്ല കലാമേള


ബത്തേരി ഉപജില്ലാ
കലോത്സവം
എൽ പി
വിഭാഗം
അഞ്ചാം സ്ഥാനം
ഗവൺമെന്റ് വിദ്യാലയങ്ങളിൽ
ഒന്നാമത്
ആശംസകൾ....
TEAM GLPS MEENANGADI


ബത്തേരി ഉപജില്ലാ
കലോത്സവം
എൽ പി വിഭാഗം
അറബിക്
കലോത്സവം
ഓവറോൾ കിരീടം
ജി എൽ പി എസ് മീനങ്ങാടി


ബത്തേരി ഉപജില്ലാ
കലോത്സവം
WAYANAD VISION
2024 NOV 06
ഖുറാൻ പാരായണത്തിൽ
ഇഷാൻ
എൽ.പി വിഭാഗം ഖുറാൻ
പാരായണത്തിൽ ഒന്നാം സ്ഥാനവും
എ ഗ്രേഡും നേടി ജി.എൽ.പി.എസ്
മീനങ്ങാടിയിലെ ഇഷാൻ.കെ.ഇല്യാസ്.





# ശിശുദിനം


ശിശുദിന ക്വിസ് മത്സരം
ഒന്നാം ക്ലാസ്സ്
First
First
First
1D
1C
1C
Second
Third
1D
1B


ജി. എൽ. പി. എസ് മീനങ്ങാടി
ശിശുദിന ക്വിസ് മത്സര
വിജയികൾ
First
Second
Devanand K V
4C
Devanika T S
3E
Third
krithika raju
4B







# ഭവന സന്ദർശനം













# ഇംഗ്ലീഷ് ക്ലബ്




GLPS MEENANGADI
ENGLISH CLUB
DAY 1
What
What is your name?
What is this?
Make 5 sentences using this word.



# എനർജി ക്ലബ് പ്രവർത്തനങ്ങൾ









# പി ടി എ യുടെ നേതൃത്വത്തിൽ സൗന്ദര്യവൽക്കരണം













# സ്കൂൾ വാർഷികം


ഗവൺമെന്റ് എൽ.പി. സ്കൂൾ
മീനങ്ങാടി
105-ാം
വാർഷികം
മെഹർജാൻ
2K25
സീറോ വേസ്റ്റ്
സ്കൂൾ
പ്രഖ്യാപനം
ഏവർക്കും സ്വാഗത
2025 ജനുവരി 27 തിങ്കൾ

# അഡ്മിഷൻ ഫെസ്റ്റ് മുന്നൊരുക്കം
















70.85
73.15
EDEN
EDEN INFRASTRUCTURES

# ഗവ. എൽ. പി. സ്കൂൾ, മീനങ്ങാടി

## 2025- 2026

